“ഭരണഭാഷ-മാതൃഭാഷ”

നമ്പർ: **KTDS/1737/2024-C**

ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്
കോഴിക്കോട്- **673 017**
ഫോൺ നമ്പർ: **0495 2356805**
ഇ-മെയിൽ: **kirtads@gmail.com**
kirtads@kerala.gov.in
തീയ്യതി: **12-05-2025**

പുനർ വിജ്ഞാപനം

കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന കിർടാഡ്സ് (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആൻറ് ഡെവലപ്മെൻറ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ് ആൻറ് ഷെഡ്യൂൾഡ് ട്രൈബ്സ്) നടത്തുന്ന **"Primer preparation for Malaipandaram Tribal Language"** എന്ന പദ്ധതിയിൽ പ്രൊജക്ട് ഫെല്ലോ തസ്തികയിലേക്ക് താത്കാലിക കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് താഴെ പറയുന്ന യോഗ്യതയുള്ളവർക്ക് **26/05/2025** ന് രാവിലെ **11.00** മണിക്ക് വകുപ്പിൽവെച്ച് ഒരു വാക്ക്-ഇൻ-ഇൻറർവ്യൂ നടത്തുന്നതായിരിക്കും, ഉദ്യോഗാർത്ഥികൾ പ്രസ്തുത ദിവസം രാവിലെ **10.00** മണിക്ക് മുൻപായി യോഗ്യതകൾ, സമുദായം, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഈ വകുപ്പിൽ (ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്, ചേവായൂർ പി.ഒ, കോഴിക്കോട് - **673017**) നേരിട്ട് ഹാജരാകേണ്ടതാണ്.

ക്രമ നമ്പർ	**തസ്തിക**	**ഒഴിവുക ളുടെ എണ്ണം**	**യോഗ്യത**	**പ്രതിഫലം**	**കാലാവധി**
1.	പ്രൊജക്ട് ഫെല്ലോ	**1**	**(1) നിർബന്ധിത യോഗ്യത** **(a)** ഒരു അംഗീകൃത സർവ്വകാലാശാലയിൽ നിന്നും ഒന്നാം ക്ലാസ്സിൽ കരസ്ഥമാക്കിയ ലിംഗ്വിസ്റ്റിക്സ്/ മലയാളം വിഷയത്തിലുള്ള ബിരുദാനന്തര ബിരുദം.	പ്രതിമാസം **17,500**/- രൂപ	**10** മാസം

			(b) ഇംഗ്ലീഷ്, മലയാളം ഹിന്ദി ഭാഷകളിൽ വിവർത്തനം ചെയ്യുവാനുള്ള കഴിവ്. **(c) IPA and Malayalam phonemic Transcription** നിലുള്ള അറിവ്. **(d).** പട്ടികവർഗ്ഗ മേഖലകളിൽ വിവര ശേഖരണത്തിനായി നിരന്തരം യാത്ര ചെയ്യുന്നതിനുള്ള സന്നദ്ധത. **അഭികാമ്യ യോഗ്യത** **(a)** മലയാളത്തിലും ഇംഗ്ലീഷിലും ഉള്ള ടൈപ്പിംഗ് പരിജ്ഞാനം. **(b)** പട്ടികവർഗ്ഗ മേഖലയിൽ ഉള്ള രണ്ടു വർഷത്തെ ഗവേഷണ പരിചയത്തിൽ ഭാഷ പഠനത്തിൽ ഒരു വർഷത്തിൽ കുറയാതെയുള്ള പ്രവർത്തന പരിചയം.		

പ്രായപരിധി :

അപേക്ഷകർക്ക് **01/01/2025** ന് **36** വയസ്സിൽ കൂടുവാൻ പാടില്ലാത്തതാണ്. പട്ടികജാതി, പട്ടികവർഗ്ഗ പിന്നോക്ക സമുദായക്കാർക്ക് നിയമാനുസൃത ഇളവ് ലഭിക്കുന്നതാണ്.

മുൻഗണന :

പട്ടികവർഗ്ഗ സമുദായക്കാർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

Signed by
Bindu S
Date: 12-05-2025 16:26:34

ഡയറക്ടർ

1. ഡയറക്ടർ
   വിവര പൊതുജന സമ്പർക്ക വകുപ്പ്
   തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കോഴിക്കോട്
3. കമ്പ്യൂട്ടർ ഓപ്പറേറ്റർ (വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)
4. നോട്ടീസ് ബോർഡ്
5. ആഫീസ് പകർപ്പ്